# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2983

07.02.2018-ന് മറുപടിയ്ക്ക്

## കലഞ്ഞൂർ ജി.എച്ച്.എസ്.എസിന്റെ കെട്ടിട നിർമ്മാണത്തിന് തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അടൂർ പ്രകാശ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ ജി.എച്ച്.എസ്.എസ്. ന്റെ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഏതെല്ലാം വിഭാഗത്തിൽ നിന്ന് എത്ര തുക വിതം അനുവദിച്ചിട്ടുണ്ടെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ ജി.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം (മൂന്നുകോടി) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യ വികസനത്തിനായി കലഞ്ഞൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിന് 3,67,83,713.55 രൂപയ്ക്ക് (മൂന്നുകോടി അറുപത്തേഴ് ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുന്നൂറ്റിപതിമൂന്ന് രൂപ) ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) തുക അനുവദിച്ചിട്ടും എന്തുകൊണ്ടാണ് പണികൾ നടക്കാത്തതെന്ന് വിശദീകരിക്കുമോ; | (ബി) നിലവിലുള്ള കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള കാലതാമസം മൂലമാണ് 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തത്. 29.12.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവർത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പണികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണ്; | (സി) | പണി പൂർത്തീകരിക്കുന്നതിന് വകുപ്പ് തലത്തിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. |
| (ഡി) | ആയത് പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | കെട്ടിട നിർമ്മാണം സംബന്ധിച്ച അവലോകന യോഗത്തിൽ പി.ഡബ്ല്യു.ഡി. അധികാരികളുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം സുഗമമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |
| (ഇ) | പണികൾ പൂർത്തികരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഇ) | 2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവർത്തി പൂർത്തീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പായതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>29.12.2017-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തികൾ കിഫ്ബി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഇതര നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് താമസംവിനാ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ